ജലനിധി പദ്ധതിക്കുവേണ്ടി കൺസൾട്ടൻസി സർവ്വീസ് നടത്തുന്ന ഏജൻസികൾ

55 [3642] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിക്കുവേണ്ടി കൺസൾട്ടൻസി സർവ്വീസ് നടത്തുന്ന ഏജൻസികൾ ഏതെല്ലാം; ഇവരെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; ഇതിനായി ചെലവഴിച്ച തുക എത്ര;

(ബി) കെ.ആർ.ഡബ്യു.എസ്.എ.-യുടെ ഉദ്യോഗസ്ഥരായിട്ടുള്ളവർ അംഗങ്ങളായിട്ടുള്ള ഏജൻസികൾ കൺസൾട്ടൻസി സർവ്വീസ് നടത്തുന്നുണ്ടോ;

(സി) എങ്കിൽ ഇതിന് നിയമപരമായ പ്രാബല്യം ഉണ്ടോ; ഇല്ലെങ്കിൽ ഇതേക്കുറിച്ച് അന്വേഷിച്ച് നടപടി എടുക്കുമോ?

ഉത്തരം

(എ) ജലനിധി പദ്ധതിക്കുവേണ്ടി കൺസൾട്ടൻസി സർവ്വീസ് നടത്തുന്ന ഏജൻസികളുടെ ലിസ്റ്റ് അനുബന്ധം-1 ആയി കൊടുത്തിരിക്കുന്നു. † കൺസൾട്ടൻസി ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള ലോകബാങ്ക് മാർഗ്ഗ രേഖയനുസരിച്ചാണ് ഇവരെ തെരഞ്ഞെടുത്തിട്ടുള്ളത്. മാർഗ്ഗരേഖയനുസരിച്ചുള്ള വിവിധ രീതികൾ അനുബന്ധം-2 ആയി കൊടുത്തിരിക്കുന്നു.† ഇതിനായി നാളിതുവരെ 149.11 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി ആന്റ് സി) കെ.ആർ.ഡബ്യു.എസ്.എ.-യുടെ ട്രെയിനിംഗ് വിഭാഗത്തിൽ കൺസൾട്ടൻസി വ്യവസ്ഥയിൽ ജോലിചെയ്യുന്ന മാനേജർ ജലനിധിയുടെ കൺസൾട്ടൻസിയായ 'പ്ലാനറ്റ് കേരള' എന്ന സ്ഥാപനത്തിലെ ഒരംഗമാണ്. ഇതിന് നിയമതടസ്സമൊന്നും തന്നെയില്ല.

ജലവിഭവ നയം

56 [3643] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ജലസംരക്ഷണ വർഷമായി ആചരിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനം എത്രമാത്രം പുരോഗതി കൈവരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) മഴവെള്ളം സംഭരിക്കുന്നതിന് സർക്കാർ ബഡ്ജറ്റിൽ നീക്കിവച്ച പത്ത്കോടി രൂപയിൽ എന്ത് തുക ഇതിനകം ചെലവഴിച്ചു;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത തുക ഏതെല്ലാം മേഖലകളിൽ എപ്രകാരമാണ് ചെലവഴിച്ചത്;

(ഡി) അതിന്റെ ഭാഗമായി സംഭരിക്കാൻ കഴിഞ്ഞ മഴവെള്ളത്തിന്റെ തോത് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഭൂജലവകുപ്പ് കൃത്രിമ ഭൂജല പരിരക്ഷയ്ക്കും റീ ചാർജ്ജിനും പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നു. കേരളാ വാട്ടർ അതോറിറ്റിയും കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയും മഴവെള്ള സംഭരണം ഘടകമായുള്ള ചെറിയ ജലവിതരണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. മഴവെള്ളക്കൊയ്ത്ത്/സംഭരണ പ്രചരണ പരിപാടി ബഹുജന പങ്കാളിത്തത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കാനായി ഒരു ആക്ഷൻപ്ലാനിന് രൂപം കൊടുത്തിട്ടുണ്ട്. ഈ പദ്ധതിയിൽ ഓരോ ജില്ലയിലേക്കും 15 ലക്ഷം രൂപ മഴവെള്ളക്കൊയ്ത്ത്/സംഭരണ പരിപാടികൾക്കായി നീക്കിവെച്ചിട്ടുണ്ട്. ഇതിൽ 8 ലക്ഷത്തോളം രൂപ മേൽക്കൂര മഴവെള്ള സംഭരണത്തിൽ മേസ്തിരിമാർക്കും സാങ്കേതിക വിദഗ്ദ്ധർക്കും മറ്റും വിദഗ്ദ്ധ തൊഴിലധിഷ്ഠിത പരിശീലനം നൽകാനാണ്. 5 ലക്ഷം രൂപ ജില്ലയിൽ ഏതാനും മാതൃകാ മഴവെള്ളക്കൊയ്ത്ത്/സംഭരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനും ഒരു ലക്ഷത്തിലധികം തുക ജില്ല-ബ്ലോക്ക്-ഗ്രാമതല ജലസാക്ഷരതാ പരിപാടികൾക്കും വേണ്ടി നീക്കിവെച്ചിരിക്കുന്നു. ഇതുകൂടാതെ 15 ലക്ഷം രൂപ വരെയുള്ള ബൃഹത്തായ മഴവെള്ള സംഭരണ പ്രവർത്തനങ്ങൾക്ക് ജില്ലാ കമ്മിറ്റിക്കും അതിനുമുകളിലുള്ള തുകയുടെ പദ്ധതിക്ക് സംസ്ഥാനതല കമ്മിറ്റിക്കും അംഗീകാരം നൽകാവുന്നതാണ്. ഇതിനോടകം തന്നെ 4 ജില്ലകളിൽ ജില്ലാതല ശിൽപശാല സംഘടിപ്പിച്ചു കഴിഞ്ഞു. ജില്ലാതലത്തിൽ പരിശീലനം നടത്താൻ പര്യാപ്തമായ സന്നദ്ധസംഘടകളെയും തെരഞ്ഞെടുത്തിട്ടുണ്ട്. അവർക്കുള്ള സംസ്ഥാനതല പരിശീലനം ജൂലൈ അവസാനവാരം നടത്തുന്നതാണ്. വ്യാപകമായ വിതരണത്തിനുള്ള കൈപുസ്തകം തയ്യാറായി വരുന്നു. മഴവെള്ള സംഭരണത്തെക്കുറിച്ചുള്ള ലഘുലേഖകൾ വിതരണം ചെയ്യുന്നുണ്ട്. ദൃശ്യ മാദ്ധ്യമങ്ങൾ വഴിയായി ജലസാക്ഷരതാ പരിപാടികൾ സംഘടിപ്പിച്ചു. സംസ്ഥാന ആസൂത്രണ ബോർഡ് കെട്ടിടത്തോടനുബന്ധിച്ച് 62,000 ലിറ്റർ സംഭരണ ശേഷിയുള്ള മഴവെള്ള സംഭരണി നിർമ്മിച്ച് ഉപയോഗക്ഷമമാക്കി.

(ബി) ബഡ്ജറ്റിൽ നീക്കിവെച്ചിട്ടുള്ള 10 കോടി രൂപയിൽനിന്നും 145 ലക്ഷം രൂപ ഉൾപ്പെടെ 3.35 ലക്ഷം രൂപ ചിലവ് പ്രതീക്ഷിക്കുന്ന ആക്ഷൻ പ്ലാനാണ് തയ്യാറാക്കിയത്. ഇതു നടപ്പാക്കാനായി 2,49,114 രൂപ ഇതിനകം ചെലവാക്കി.

LIBRARY ARCHIVES Kerala Legislative Assembly

(സി) മേഖല തിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.

(1) മഴവെള്ള സംഭരണ മാനുവൽ നിർമ്മാണം—₹ 73,433

(2) സംസ്ഥാനതല വർക്ക്ഷാപ്പ്—₹ 65,786

(3) ഡെമോൺസ്ട്രേഷൻ യൂണിറ്റ്—₹ 1,09,895

(ഡി) കണക്കാക്കിയിട്ടില്ല.

മഴവെള്ള സംഭരണ പദ്ധതി

57 [3644] ശ്രീ. യു. സി. രാമൻ:

" കളത്തിൽ അബ്ദുള്ള:

" കെ. എൻ. എ. ഖാദർ:

" പി. കെ. കെ. ബാവ:

" ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴവെള്ള സംഭരണ പദ്ധതിയുടെ വിജയത്തിന് വേണ്ട ജനപങ്കാളിത്തം നേടാനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിജയത്തിനായി ബോധവൽക്കരണ പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(സി) അതിന്റെ പുരോഗതി പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജനപങ്കാളിത്തത്തോടെ മഴവെള്ള സംഭരണ പദ്ധതികൾ വിജയകരമായി നടപ്പാക്കുന്നതിന് ജലവിഭവ വകുപ്പ് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് എല്ലാ ജില്ലകളിലും ജനപ്രതിനിധികളെയും ജലസംരക്ഷക പ്രവർത്തകരെയും സന്നദ്ധ സംഘടനകളെയും ജലവിഭവവുമായി ബന്ധപ്പെട്ട വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥന്മാരെയും ഉൾപ്പെടുത്തി ജില്ലാതല ഏകോപന സമിതിയും സാങ്കേതിക സമിതിയും രൂപീകരിച്ചിട്ടുണ്ട്. ജില്ലയിലെ ജല സംഭരണ-സംരക്ഷണ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കുന്നതും ഈ സമിതികളാണ്. കൂടാതെ, വിവിധ ഏജൻസികൾ വഴിയും ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങൾ വഴിയും നടത്തുന്ന പ്രചാരണ പ്രവർത്തനങ്ങൾ വഴിയും ഈ പദ്ധതിക്കുവേണ്ട ജനപങ്കാളിത്തം ഉറപ്പാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly